(7) നിയമസഭാംഗങ്ങളുടെ അവകാശങ്ങൾ നിഷേധിച്ചതു സംബന്ധിച്ച്

2016 ഒക്ടോബർ 24-ാം തീയതി ധനാഭ്യർത്ഥന ചർച്ചയ്ക്കിടയിൽ പതിനാലാം കേരള നിയമസഭയുടെ രൂപീകരണത്തിനുശേഷം നിയമസഭാംഗങ്ങളുടെ അവകാശങ്ങൾ നിഷേധിച്ചതു സംബന്ധിച്ച് പന്ത്രണ്ട് പരാതികൾ ലഭിച്ചതിന്മേൽ ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി*

"സംസ്ഥാനത്തെ സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ തുടങ്ങിയവ നടത്തുന്ന വിവിധ പൊതുപരിപാടികളിൽ നിയമസഭാംഗങ്ങൾക്ക് നൽകേണ്ട പ്രാധാന്യത്തെയും അംഗീകാരത്തെയും സംബന്ധിച്ച് വിശദമായ റൂളിംഗുകൾ നിലവിലുണ്ട്. നിയമസഭാംഗങ്ങൾ അംഗങ്ങളായ സ്റ്റാറ്റ്യൂട്ടറി സമിതികളുടെ ആനുകാലിക യോഗങ്ങൾ ചേരാൻ തീരുമാനിക്കുന്നതിനുമുമ്പ് പ്രസ്തുത യോഗത്തിൽ പങ്കെടുക്കുന്നതിന് എന്തെങ്കിലും അസൗകര്യങ്ങൾ അവർക്കുണ്ടോയെന്ന് ആരായണമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ പല വകുപ്പുകളും അക്കാര്യത്തിൽ കുറ്റകരമായ അനാസ്ഥ പുലർത്തുന്നതായിട്ടാണ് ചെയർ മനസ്സിലാക്കുന്നത്. പതിനാലാം കേരള

---

* XIV KLA/II Session Vol.163 Report No. 14 dated 24-10-2016

നിയമസഭയുടെ രൂപീകരണത്തിനുശേഷം ഇത്തരം പന്ത്രണ്ട് പരാതികൾ ചെയറിന് ലഭിക്കുകയുണ്ടായി.

ചെയറിനു ലഭിക്കുന്ന ഇത്തരം പരാതികളിൽ അന്വേഷണം നടത്തി, മേൽനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്ക് അയച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. എന്നാൽ അപ്രകാരം ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തുകയോ നടപടി സ്വീകരിക്കുകയോ റിപ്പോർട്ട് ലഭ്യമാക്കുകയോ ചെയ്യാതെ അനന്തമായി നീട്ടിക്കൊണ്ടുപോകുന്ന പ്രവണതയാണ് കണ്ടുവരുന്നത്. ഇത്തരം പ്രവണതകൾ ആവർത്തിക്കപ്പെടുന്നതിനോട് ചെയർ യോജിക്കുന്നില്ല. ബഹുമാനപ്പെട്ട നിയമസഭാംഗങ്ങൾക്ക് ഭരണഘടനാ നടപടി ചട്ടങ്ങൾ, കീഴ്‌വഴക്കങ്ങൾ, സർക്കാരും സ്പീക്കറും പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പ്രകാരം ലഭ്യമാകേണ്ട അവകാശങ്ങളും അംഗീകാരങ്ങളും ഉറപ്പാക്കുക എന്നത് ചെയറിൽ നിക്ഷിപ്തമായ കർത്തവ്യമാണ്. ഈ സാഹചര്യത്തിൽ പതിനാലാം കേരള നിയമസഭയുടെ രൂപീകരണത്തിനുശേഷം ഈ സഭയിലെ അംഗങ്ങൾ ചെയറിന് എഴുതി നൽകിയിട്ടുള്ള പരാതികളിന്മേൽ പതിനഞ്ച് ദിവസങ്ങൾക്കുള്ളിൽ സർക്കാർ വിശദീകരണം ലഭ്യമാക്കണമെന്ന് ചെയർ റൂൾ ചെയ്യുന്നു. ബഹുമാനപ്പെട്ട അംഗങ്ങൾ നൽകിയിട്ടുള്ള പരാതികളിന്മേൽ

സർക്കാരിൽനിന്ന് ലഭിക്കുന്ന വിശദീകരണം, ആയതിന്മേലുള്ള ചെയറിന്റെ തീരുമാനം എന്നിവ ബന്ധപ്പെട്ട അംഗങ്ങളെ നിയമസഭാ സെക്രട്ടേറിയറ്റിൽനിന്നും രേഖാമൂലം അറിയിക്കുന്നതായിരിക്കും. ബഹുമാനപ്പെട്ട നിയമസഭാംഗങ്ങളുടെ അർഹമായ അവകാശങ്ങൾ നിഷേധിക്കുന്ന തരത്തിലുള്ള ഒരു നടപടിയും ആരുടെ ഭാഗത്തുനിന്നും ഉണ്ടാകരുതെന്നും അപ്രകാരമുള്ള എന്തെങ്കിലും പരാതികൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം അത് അതീവ ഗൗരവപൂർവ്വം വീക്ഷിക്കുന്നതാണെന്നും യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും ചെയർ ഓർമ്മപ്പെടുത്തുന്നു"